# പതിമൂന്നാം കേരള നിയമസഭ

## (പതിനഞ്ചാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3666 17/12/2015-ൽ മറുപടിയ്ക്ക്**

**കൊയിലാണ്ടി, കാപ്പാട് തീരദേശ റോഡ്**

| ചോദ്യം<br>ശ്രീ. കെ. ദാസൻ: | | മറുപടി<br>ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
|---|---|---|
| എ) കൊയിലാണ്ടി, കാപ്പാട് തീരദേശറോഡ് കടൽക്ഷോഭത്തിൽ ഭാഗികമായി തകർന്നത് പുനർനിർമ്മിക്കുന്നതിനായി സമർപ്പിച്ച നിവേദനത്തിൽ എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ? | എ) | കാപ്പാട്, കൊയിലാണ്ടി തീരദേശറോഡിന്റെ അലൈൻ മെന്റിൽ 600 മീറ്ററോളം ഭാഗം വരുന്ന പി.ഡബ്ല്യൂ.ഡി. റോഡിൽ 30 മീറ്റർ ഭാഗം കഴിഞ്ഞ കടൽക്ഷോഭത്തിൽ പൊളിഞ്ഞത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പുനർ നിർമ്മിക്കുന്നതിനായി പി.ഡബ്ല്യൂ.ഡി, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് എന്നിവരെ ഉൾക്കൊള്ളിച്ചുകൊണ്ട് ബഹുമാനപ്പെട്ട സ്ഥലം എം.എൽ.എ. 05/12/2015-ന് കൊയിലാണ്ടി ഗവൺമെന്റ് ഗസ്റ്റ്ഹൗസിൽ വിളിച്ചുചേർത്ത യോഗത്തിൽ തകർന്ന റോഡിന്റെ ഭാഗം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിനെക്കൊണ്ട് പുനർ നിർമ്മിക്കാൻ തീരുമാനിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ 10/12/2015-ന് പ്രസ്തുത റോഡിന്റെ മുറിഞ്ഞുപോയ ഭാഗത്ത് റോഡിന്റെ സംരക്ഷണ ഭിത്തി നിർമ്മിക്കുന്ന പ്രവൃത്തി ആരംഭിച്ചുവെങ്കിലും ബന്ധപ്പെട്ട മേജർ ഇറിഗേഷൻ വകുപ്പ് ഉദ്യോഗസ്ഥർ സ്ഥലത്ത് വന്ന് പ്രവൃത്തി നിർത്തി വയ്ക്കാൻ ആവശ്യപ്പെട്ടത് പ്രകാരം പ്രവൃത്തി നിർത്തി വയ്ക്കുകയുണ്ടായി. |

**സെക്ഷൻ ആഫീസർ**